# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4437 — 17.05.2017 — ൽ മറുപടിക്ക്

## ഭക്ഷ്യ ഭദ്രതാ നിയമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മുല്ലക്കര രത്നാകരൻ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യ ഭദ്രതാ നിയമം പൂർണ്ണമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിനായി അർഹരായ മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ (identification of priority households), വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം (door steps delivery), റേഷൻ സാധനങ്ങൾ ഓൺലൈനിലൂടെ അനുവദിക്കൽ (online allocation), പരാതി പരിഹാര സംവിധാനം (Grievance Redressal Mechanism) എന്നിങ്ങനെ നാല് പ്രധാന കാര്യങ്ങളാണ് ചെയ്തു തീർക്കേണ്ടത്.<br><br>ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിൽ താലൂക്ക് സപ്ലൈ ആഫീസ്, വില്ലേജ് ആഫീസ്, പഞ്ചായത്ത് ഓഫീസ്, കോർപ്പറേഷൻ/മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലും, വെബ്.സൈറ്റിലും കരട് മുൻഗണനാ പട്ടിക സംബന്ധിച്ച് ആക്ഷേപങ്ങളും പരാതികളും സ്വീകരിക്കുന്നതിനായി പ്രസിദ്ധപ്പെടുത്തുകയും, ലഭ്യമായ ആക്ഷേപങ്ങളിലും പരാതികളിലും പഞ്ചായത്ത് സെക്രട്ടറി ചെയർമാനും റേഷനിംഗ് ഇൻസ്പെക്ടർ കൺവീനറും വില്ലേജ് ആഫീസർ, സി.ഡി.എസ്. സൂപ്പർവൈസർ എന്നിവർ അംഗങ്ങളുമായുള്ള കമ്മിറ്റി ഹിയറിംഗ് നടത്തി പരാതികളിൽ തീർപ്പ് കൽപ്പിച്ചിരുന്നു. ടി തീരുമാനത്തിൽ ആക്ഷേപമുള്ളവർ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ സപ്ലൈ ആഫീസർ കൺവീനറും, ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എ.ഡി.സി. (ജനറൽ), |

ജില്ലാ സോഷ്യൽ വെൽഫയർ ഓഫീസർ എന്നിവരടങ്ങുന്ന അപ്പീൽ കമ്മിറ്റിക്ക് പരാതി സമർപ്പിച്ച് പരാതിക്ക് പരിഹാരം ഉണ്ടാക്കുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ റീ-റാങ്കിംഗ് നടത്തി അന്തിമ പട്ടിക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തിനായി നല്കി അന്തിമ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴിയും ഓഫീസുകളിൽ നേരിട്ടും അർഹർ/ അനർഹരുടെ പരാതികൾ ലഭ്യമായിട്ടുണ്ട്. ഇതിന്മേൽ അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അനർഹരെ ഒഴിവാക്കി റീ-റാങ്കിംഗ് നടത്തുന്നതാണ്.

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 ന്റെ സെക്ഷൻ 24(2)(എ) പ്രകാരം സംസ്ഥാന സർക്കാരിന്റെ അംഗീകൃത ഏജൻസി, റേഷൻ ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ.യിൽ നിന്നും വിട്ടെടുത്ത് ഇന്റർമീഡിയറി ഗോഡൗണിൽ സൂക്ഷിച്ച്, റേഷൻകടകളിൽ നേരിട്ടെത്തിക്കുന്ന വാതിൽപ്പടി വിതരണത്തിന്റെ പൈലറ്റ് പ്രോജക്ട് മാർച്ച് 9ന് കൊല്ലം ജില്ലയിൽ ആരംഭിച്ചു. മറ്റ് 6 ജില്ലകളിൽ മെയ് 2-ന് ആരംഭിച്ചു. ബാക്കിയുള്ള ഏഴ് ജില്ലകളിൽ ജൂൺ 1 മുതൽ വാതിൽപ്പടി വിതരണം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

റേഷൻ കടകളിൽ ബയോമെട്രിക് അധിഷ്ഠിത സാങ്കേതിക വിദ്യയുടെ പിൻബലത്തിൽ റേഷൻ വിതരണം നടത്തുന്നതിന് ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ പർച്ചേസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വാതിൽപ്പടി വിതരണത്തിനുള്ള വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്ന പദ്ധതിക്കായി **EoI (Expression of Interest)** ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ **RFT (Request for Proposal)** ഡോക്യുമെന്റ് തയ്യാറാക്കി വരികയുമാണ്.

കേരള സ്റ്റേറ്റ് ഐ.ടി.മിഷന്റെ കോൾ സെന്റർ മുഖേന 1967, 1800-1125-1550 എന്നീ ടോൾഫ്രീ ഹെൽപ്പ് ലൈൻ നമ്പറുകൾ ഉപയോഗിച്ച് പരാതി പരിഹാര സംവിധാനം പ്രവർത്തിച്ചു വരുന്നു. സ്റ്റേറ്റ് ഫുഡ് കമ്മീഷൻ നിലവിൽ വരുന്നതു വരെ സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന് ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ സംസ്ഥാനതല പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള ചുമതല നൽകിയിട്ടുണ്ട്. സ്റ്റേറ്റ് ഫുഡ് കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ